"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി - പൊന്നാനി നിയോജക മണ്ഡലം - മാറാഞ്ചേരി ഗ്രാമപഞ്ചായത്തിലെ തുറവാനം ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തി അവസാനിപ്പിക്കുന്നതിനും നിലവിൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തരമായി ചെയ്തിട്ടുള്ള താല്കാലിക ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കും സാങ്കേതിക പരിശോധയ്ക്കും വേണ്ടി വന്ന തുകയായ 51,70,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

G.O.(Rt) No.243/2021/LSGD തീയതി,തിരുവനന്തപുരം, 29/01/2021

---

പരാമർശം:- 1 01.10.2015-ലെ സ. ഉ. (സാധാ) നമ്പർ: 2985/2015/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 30/01/2020 ലെ ഡിബി4/18207/സിഇ/തസ്വഭവ നമ്പർ കത്ത്.

3 ബഹു: നിയമസഭാ സ്പീക്കറും പൊന്നാനി നിയോജകമണ്ഡലം എം.എൽ.എയുമായ ശ്രീ പി. ശ്രീരാമകൃഷ്ണൻ അവർകളുടെ 13/11/2019 ലെ 1788/ഒഎസ്/19 നമ്പർ കത്ത്.

4 09/10/2020 ലെ സ. ഉ. (സാധാ) നമ്പർ: 5762/2020/ധന.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ബഹു: നിയമസഭാ സ്പീക്കറും പൊന്നാനി നിയോജകമണ്ഡലം എം.എൽ.എയുമായ ശ്രീ പി. ശ്രീരാമകൃഷ്ണൻ അവർകളുടെ 2015 - 16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മാറഞ്ചേരി ഗ്രാമപഞ്ചായ ത്തിലെ തുറവാനം ബണ്ട് റോഡ് എന്ന പ്രവൃത്തിക്ക് 7 0 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിരുന്നു. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലമായതിനാൽ 2017 മാർച്ച് മാസത്തിലാണ് പ്രവൃത്തികൾ ആരംഭിച്ചത്.

വർഷകാലത്ത് വെള്ളം കേറുന്നതിനാൽ റോഡ് മണ്ണിട്ടുയർത്തി മെറ്റൽ ചെയ്യുന്നതിനും വശങ്ങൾ പൊളിച്ചുകെട്ടി ഉറപ്പു വരുത്തുന്നതിനുമാണ് പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം വലത് ഭിത്തി പൊളിച്ചു മാറ്റി തെങ്ങ് പൈലുകൾ അടിച്ച് കോൺക്രീറ്റ് ചെയ്ത് കരിങ്കൽ ഭിത്തി നിർമ്മിക്കുകയും, ഇടവിട്ട് RCC ബെൽട്ടുകൾ ഇട്ട് ഭിത്തി ഉറപ്പിച്ച്, ഘട്ടം ഘട്ടമായി മണ്ണിട്ട് റോഡ് ഉയർത്തുകയും ചെയ്യുന്ന ഈ പ്രവൃത്തിക്ക് പാർട്ട് ബിൽ പ്രകാരം 25/10/2018-ന് 1766293/- രൂപ അനുവദിച്ചിരുന്നു.

എന്നാൽ എസ്റ്റിമേറ്റിൽ നിന്നും അധികമായി 2 വരി പൈലിനു പകരമായി 3 വരി പൈൽ അടിക്കേണ്ടതായി വന്നതിനാലും റോഡിന്റെ ഇടത് ഭിത്തി പൊളിച്ച് എസ്റ്റിമേറ്റ് പ്രകാരം കരിങ്കൽ പതിക്കുന്നതിന് സ്വകാര്യ വ്യക്തിയിൽ നിന്നും അധിക സ്ഥലം ലഭ്യമാകാതിരുന്നതിനാലും, പുതിയ ഇലക്ട്രിക് പോസ്റ്റ്, കുടിവെള്ള പൈപ്പ് എന്നിവ കേട്ടവരുമെന്നതിനാലും, എസ്റ്റിമേറ്റ്, ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നു കൊണ്ട് റിവൈസ് ചെയ്യുന്നതിന് അനുമതിയ്ക്കായി കാക്കവെ 2018 ഏപ്രിലിൽ റോഡ് ഇടിഞ്ഞു താഴ്ന്നു .

കുത്തനെ ഒരു വശം ചെരിഞ്ഞ റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാലും കോളനിയിലേക്ക് ബദൽ വഴികൾ ഇല്ലാത്തതിനാലും ബഹു: എം.എൽ.എയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത ബണ്ടിൽ നിന്നും KLDC നിർമ്മിച്ച ബണ്ടിലേക്ക് തോടിന് കുറുകെ മണ്ണിട്ട് ഉയർത്തി 3 5 മീറ്ററോളം നീളത്തിൽ താൽക്കാലിക ബണ്ട് നിർമ്മിച്ചു നൽകുകയുണ്ടായി . തുടർന്ന് Geo Technical Engineering Expert, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു നടത്തിയ പ്രാഥമിക പരിശോധനയിൽ മണ്ണിന്റെ ബയറിംഗ് കപ്പാസിറ്റി കുറവു മൂലമാണ് റോഡ് ഇടിയാൻ കാരണമായതെന്ന് കണ്ടെത്തി. കൂടുതൽ പഠനങ്ങൾക്കായി ബയറിംഗ് ടെസ്റ്റ് നടത്തിയപ്പോൾ 21 മീറ്ററിൽ താഴെയെ ഉറപ്പുള്ള മണ്ണുള്ളു എന്നതിനാൽ റോഡിൽ തുടർ നിർമ്മാണം നടത്താനാവില്ലെന്നു കണ്ടത്തി.

തുടർന്ന് ബഹു: എം.എൽ.എ യുടെ നിർദ്ദേശാനുസരണം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സാങ്കേതിക വിദഗ്ദരുടെ അഭിപ്രായം മാനിച്ച് പ്രസ്തുത ബണ്ടിനു മുകളിൽ തുടർ പ്രവർത്തനങ്ങൾ ചെയ്യേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി .

പ്രസ്തുത പ്രദേശത്ത് റോഡ് പ്രവൃത്തി പ്രായോഗികമല്ലാത്തതിനാൽ തുറുവാനം ബണ്ടിലേക്ക് പുതിയ പാലം നിർമ്മിക്കുന്നതിനായി 2019-20 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ നടത്തിയ പ്രവൃത്തികൾ, അടിയന്തരമായി ചെയ്തിട്ടുള്ള താത്കാലിക ബണ്ട്, സാങ്കേതിക പരിശോധനയ്ക്ക് ചെലവായ തുക എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 51,70,000 രൂപയാണ്. (പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് തുക 63 ലക്ഷം രൂപയാണ്). ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഫൈനൽ ബിൽ അനുവദിയ്ക്കുന്നതിലേക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ ചീഫ് എൻജിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥി ച്ചിരുന്നു. പരാമർശം (3) പ്രകാരമുള്ള ബഹു: എം.എൽ.എ യുടെ കത്ത്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പ ചീഫ് എൻജിനീയർ അപേക്ഷക്കൊപ്പം സമർപ്പിക്കുകയുണ്ടായി.

പരാമർശം (4) പ്രകാരം തുറുവാനം ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തി അവസാനിപ്പിക്കുന്നതിനും അടിയന്തിരമായി ചെയ്തിട്ടുള്ള ബണ്ട് റോഡ് പ്രവൃത്തിക്കും സാങ്കേതിക പരിശോധനയ്ക്കും വേണ്ടി വന്ന തുകയായ 51,70,000/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിലേക്ക് ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നല്കിയിട്ടുണ്ട്.

File No.EWB2/103/2020-LSGD

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പൊന്നാനി നിയോജക മണ്ഡലത്തിലെ മാറാഞ്ചേരി ഗ്രാമപഞ്ചായത്തിലെ തുറുവാനം ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തി അവസാനിപ്പിക്കുന്നതിനും നിലവിൽ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തരമായി ചെയ്തിട്ടുള്ള താല്കാലിക ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്കും സാങ്കേതിക പരിശോധയ്ക്കും വേണ്ടി വന്ന തുകയായ 51,70,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറ്കടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ (നോഡൽ സെന്റർ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ) തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീ കരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണവകുപ്പ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ